പതിനാലാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ. 3100

21.08.2017 - ൽ മറുപടിക്ക്.

## ആദിവാസി, ഗോത്രവർഗ്ഗ മേഖലകളിൽ കുടുംബശ്രീ നടപ്പിലാക്കുന്ന പദ്ധതികൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.എസ്.രാജേന്ദ്രൻ<br>ശ്രീ.പി.വി. അൻവർ<br>ശ്രീ.ഒ. ആർ. കേളു<br>ശ്രീ.എം. രാജഗോപാലൻ | ഡോ.കെ.ടി.ജലീൽ<br>(തദ്ദേശ സ്വയം ഭരണവും ന്യൂനപക്ഷ ക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പ മന്ത്രി) |
| (എ) സംസ്ഥാനത്ത് ആദിവാസി, ഗോത്രവർഗ്ഗ മേഖലകളിൽ കുടുംബശ്രീ മുഖേന നടപ്പിലാക്കുന്ന നൂതന പദ്ധതികൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കാമോ; | (എ)<br>1. ഊരിൽ ഒരു ദിനം - വിവിധ വികസന വകുപ്പുകളെ സംയോജിപ്പിച്ച് അടിയന്തിര ശ്രദ്ധ നൽകേണ്ട കോളനികളിൽ ജില്ലാകളക്ടറുടെ നേതൃത്വത്തിൽ പട്ടിക വർഗ്ഗ അദാലത്തും, മെഡിക്കൽ ക്യാമ്പും തുടർ പ്രവർത്തനങ്ങളും<br>2. പട്ടികവർഗ്ഗ അയൽക്കൂട്ടത്തിന്റെ ഗ്രേഡിംഗ്, ലിങ്കേജ് വർദ്ധിപ്പിക്കൽ, അയൽക്കൂട്ടങ്ങൾക്കുള്ള കോർപ്പസ് ഫണ്ട് വിതരണം.<br>3. പട്ടികവർഗക്കാർ മാത്രം ഉൾപ്പെടുന്ന പ്രത്യേക ആശ്രയ പദ്ധതി രൂപീകരണവും നടത്തിപ്പും.<br>4. ബാലസഭയ്ക്കുപരി പട്ടികവർഗ്ഗ കൗമാര വിഭാഗത്തിലുള്ളവർക്കായി കൗമാര ക്ലബ്ബും ബോധവൽക്കരണ പരിപാടികളും<br>5. അട്ടപ്പാടിയിലെ പ്രവർത്തന മാതൃകയിൽ തിരുനെല്ലി, ആറളം, നിലമ്പൂർ മേഖലയിൽ എൻആർഎൽഎം ഫണ്ട് ഉപയോഗിച്ചുള്ള വിവിധ പ്രവർത്തനങ്ങൾ (ബ്രിഡ്ജ് കോഴ്സ്, ബ്രിഡ്ജ് സ്കൂൾ, ബാല വിഭവകേന്ദ്രം, യുവജന വിഭവകേന്ദ്രം മുതലായവ)<br>6. അന്നപ്രദായിനി മാതൃകയിൽ കമ്മ്യൂണിറ്റി കിച്ചൺ പരിപാടികൾ<br>7. മുന്നേറ്റം-പട്ടിക വർഗ്ഗ വിദ്യാർത്ഥികൾക്കുള്ള പ്ലസ്ടു അഡ്മിഷൻ രജിസ്ട്രേഷൻ ക്യാമ്പയിൻ, പി.എസ്.സി വൺ ടൈം രജിസ്ട്രേഷൻ ക്യാമ്പയിനും കോച്ചിംഗ് ക്ലാസ്സും, മത്സരപരീക്ഷകൾ നേരിടുവാൻ സഹായകരമാകുന്ന തരത്തിലുള്ള മുന്നൊരുക്ക പ്രവർത്തനങ്ങൾ<br>8. ഗുരുകുലം - പിഎസ്സി തീവ്രയത്ന പരിശീലന പരിപാടി, താമസിച്ചുള്ള |

| | | | |
|---|---|---|---|
| | | | പി.എസ്.സി പരിശീലനം<br>9. സംരംഭങ്ങൾ ആരംഭിക്കാനുള്ള മുന്നൊരുക്ക പ്രവർത്തനങ്ങൾക്കായി പ്രത്യേക പരിശീലന ക്യാമ്പയിനുകൾ - ഒരു ഊരിൽ ഒരു സംരംഭം<br>10. പരമ്പരാഗത കൃഷി പ്രോത്സാഹിപ്പിക്കുന്നതിന് പ്രത്യേക ഇടപെടലുകൾ. പ്രത്യേക ജെഎൽജി രൂപീകരണവും കോർപ്പസ് ഫണ്ട് നൽകലും. അന്നപ്രദായിനി പദ്ധതിക്ക് പച്ചക്കറികൾ ലഭ്യമാക്കൽ<br>11. ഡിഡിയു-ജികെവൈ പദ്ധതിയിൽ തൊഴിൽ ലഭിക്കാത്തവർക്കായി പ്രത്യേക സംരംഭ പരിപാടി. വൈദഗ്ധ്യം ലഭിച്ചവർക്കായി പ്രത്യേക തൊഴിൽ മേളകൾ സംഘടിപ്പിക്കൽ<br>12. പട്ടികവർഗ്ഗമേഖലയിൽ വനവിഭവ ശേഖരണവുമായി ബന്ധപ്പെട്ട് പ്രൊഡ്യൂസർ ഗ്രൂപ്പ് രൂപീകരണം, മാർക്കറ്റിംഗ് പ്രവർത്തനങ്ങൾ<br>13. പട്ടികവർഗ്ഗ മേഖലയിലെ പരമ്പരാഗത വൈദ്യം, പരമ്പരാഗത ഭക്ഷണം, പരമ്പരാഗത കലാരൂപങ്ങൾ, കരകൗശല ഉൽപ്പന്നങ്ങൾ എന്നിവയുടെ കണ്ടെത്തൽ. ആയതിന് പ്രോത്സാഹനം നൽകുന്നതിനായി ഗോത്രകലാവിപണന മേളകൾ സംഘടിപ്പിക്കൽ |
| (ബി) | ഈ മേഖലയിൽ ഇവർക്കായി പ്രത്യേക അയൽക്കൂട്ടങ്ങൾ രൂപീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ; | (ബി) | ഉണ്ട്; ഗോത്രവർഗ്ഗക്കാരുടെ മാത്രം 5631 അയൽക്കൂട്ടങ്ങൾ രൂപീകരിച്ചിട്ടുണ്ട്. |
| (സി) | ഗോത്രവർഗ്ഗ കലകളുടെ പരിപോഷണത്തിനായി കുടുംബശ്രീ നടപ്പാക്കുന്ന പദ്ധതികൾ എന്താക്കെയാണ്; | (സി) | തനതുകലകൾക്ക് പ്രാധാന്യം നൽകുന്നതിനു വേണ്ടി ഓരോ ജില്ലയും തനതു കലാരൂപങ്ങളുടെ കലാഗ്രൂപ്പു രൂപികരണവും പരിശീലനവും നടത്തുന്നുണ്ട്. |
| (ഡി) | പട്ടിക-ഗോത്ര വർഗ്ഗ യുവജനങ്ങളുടെ വിദ്യാഭ്യാസ ഉന്നമനത്തിനും തൊഴിൽ ലഭ്യതയ്ക്കുമായി വകുപ്പ് നടപ്പിലാക്കി വരുന്ന പദ്ധതികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ? | (ഡി) | തൊഴിൽ ലഭ്യതക്കായി പി.എസ്.സി. വൺ ടൈം രജിസ്ട്രേഷൻ, പട്ടിക വർഗ്ഗ മേഖലയിൽ സ്വയംതൊഴിൽ വൈദഗ്ദ്ധ്യം ലഭ്യമാക്കുന്നതിനുള്ള ഡി.ഡി.യു.ജി.കെ.വൈ.ഊരുതല സ്പെഷ്യൽ ക്യാമ്പെയിനുകൾ. |

സെക്ഷൻ ഓഫീസർ